പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1335 15-10-2026-ൽ മറുപടിയ്ക്ക്

<u>എന്റെ ഭൂമി (ഡിജിറ്റൽ റീസർവേയും അതിർത്തി തർക്കങ്ങളും)</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. നജീബ് കാന്തപുരം ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** എന്റെ ഭൂമി (ഡിജിറ്റൽ റീസർവേ)പദ്ധതിയുടെ നിലവിലെ പുരോഗതിയും ഇതുവരെ എത്ര വില്ലേജുകളിൽ സർവേ പൂർത്തിയായി എന്നും വ്യക്തമാക്കുമോ;

<u>മറുപടി:</u> നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ഭൂരേഖകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വലിയ രീതിയിലുള്ള ഡിജിറ്റൽ സർവ്വെ നടപടികളാണ് പുരോഗമിക്കുന്നത്. ഇതുവരെ ആകെ 839 വില്ലേജുകളിൽ സർവെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ നിലവിൽ 266 വില്ലേജുകളിൽ ഡിജിറ്റൽ സർവ്വെ പൂർണ്ണമായി പൂർത്തിയാക്കി സർവ്വേ അതിരടയാള നിയമത്തിലെ സെക്ഷൻ 13 പ്രകാരമുള്ള അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 120 വില്ലേജുകളിൽ സെക്ഷൻ 9(2) പ്രകാരമുള്ള കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 214 വില്ലേജുകളിൽ ഫീൽഡ് സർവെ നടപടികൾ പുരോഗമിച്ചുവരികയാണ്. 239 വില്ലേജുകളിൽ പ്രാഥമിക സർവെ ജോലികൾ ആരംഭിച്ചിട്ടുണ്ട്. ആകെ 10.60 ലക്ഷം ഹെക്ടർ വിസ്തൃതിയിലെ 73.71 ലക്ഷം പാർസലുകളുടെ സർവെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിലെ ഡിജിറ്റൽ സർവെയിൽ കണ്ടെത്തിയിട്ടുള്ള പോരായ്മകൾ പരിഹരിച്ച് കൂടുതൽ കൃത്യതയോടെയും സുതാര്യതയോടെയും ജനപങ്കാളിത്തത്തോടെയും പരാതികൾ പരമാവധി ഒഴിവാക്കി (Zero LRM) ഡിജിറ്റൽ സർവെ നടപടികൾ മുന്നോട്ടുകൊണ്ടുപോകുന്നതിനായി 01.11.2026 മുതൽ പരിഷ്കരിച്ച സംവിധാനമായ **Digital Survey 2.0** ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**(ബി)** ഡിജിറ്റൽ റീസർവേ നടപടികൾക്കിടയിൽ വസ്തു ഉടമസ്ഥർക്ക് ഉണ്ടാകുന്ന അതിർത്തി തർക്കങ്ങളും പോക്കുവരവ് തടസ്സങ്ങളും പരിഹരിക്കാൻ വില്ലേജ്/താലൂക്ക് തലങ്ങളിൽ അപ്പീൽ അതോറിറ്റികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>മറുപടി:</u> വസ്തു ഉടമകൾ തമ്മിലുള്ള അതിർത്തി തർക്കങ്ങൾ പരിഹരിക്കുന്നതിന് നിലവിൽ സിവിൽ കോടതികൾക്ക് മാത്രമാണ് അധികാരമുള്ളത്. അതിർത്തി തർക്കവുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചാൽ തർക്കം നിലനിൽക്കുന്ന കേസുകളിൽ സിവിൽ കോടതിയെ സമീപിക്കാൻ നിർദ്ദേശം നൽകുകയാണ് ചെയ്തുവരുന്നത്. പോക്കുവരവ് തടസ്സങ്ങൾ പരിഹരിക്കാൻ സംസ്ഥാനത്ത് എല്ലാ താലൂക്കുകളിലും മാസ്റ്റർ

ട്രെയിനർമാരെ നിയമിച്ചിട്ടുള്ളതാണ്. ഡിജിറ്റൽ റീസർവെ നടപടികൾക്കിടെ ഭൂവുടമകൾക്ക് അതിർത്തി സംബന്ധമായ തർക്കങ്ങളും മറ്റ് പരാതികളും ഉണ്ടാകുന്നത് പരമാവധി ഒഴിവാക്കുന്നതിനായി ഭൂവുടമകളുടെ സാന്നിധ്യത്തിൽ ഭൂമി അളന്ന് അതിർത്തികൾ നിർണയിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡിജിറ്റൽ സർവെ നടപടികളുടെ ആരംഭം മുതൽ സർവെ നടത്തുന്ന തീയതി, സർവെ പൂർത്തീകരണം, രേഖകളുടെ പരി ശോധന എന്നിവ സംബന്ധിച്ച വിവരങ്ങൾ സർവെ സഭകൾ, സർവെ ജാഗ്രതാ സമിതികൾ, സന്ദേശങ്ങൾ, കുടുംബശ്രീ, എസ്.എം.എസ്. റസിഡന്റ്സ് അസോസിയേഷനുകൾ, വാട്സ്ആപ്പ് ഗ്രൂപ്പുകൾ തുടങ്ങിയ വിവിധ മാർഗങ്ങളിലൂടെ പൊതുജനങ്ങളെ അറിയിച്ചുവരുന്നു. ഇത്തരത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കിയാണ് ഡിജിറ്റൽ സർവെ നടപടികൾ നടപ്പിലാക്കുന്നത്.

ഡിജിറ്റൽ സർവെ രേഖകൾ വാർഡ് തലത്തിൽ പ്രസിദ്ധീകരണത്തിനു മുമ്പുള്ള പരിശോധനയ്ക്കായി (Pre 9(2)) പ്രദർശിപ്പിക്കുകയും ഭൂവുടമകൾക്ക് തങ്ങളുടെ ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങൾ പരിശോധിച്ച് തെറ്റുകൾ, അതിർത്തി തർക്കങ്ങൾ, മറ്റ് അപാകതകൾ എന്നിവ ചൂണ്ടിക്കാണിക്കുന്നതിന് അവസരം നൽകുകയും ചെയ്യുന്നു. ഈ ഘട്ടത്തിൽ ലഭിക്കുന്ന അപേക്ഷകളും പരാതികളും പരിശോധിച്ച് ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, സർവെ പൂർത്തിയായ വിവരം അറിയിക്കുന്നതിനായി സർവെ അതിരടയാള നിയമപ്രകാരം സെക്ഷൻ 9(2) വിജ്ഞാപനം പ്രസിദ്ധീകരിച്ചശേഷം ഒരു മാസക്കാലം ബന്ധപ്പെട്ട പൊതുജന പരിശോധനയ്ക്കായി പ്രദർശിപ്പിക്കുന്നതാണ്. ഈ കാലയളവിൽ ക്യാമ്പ് ഓഫീസുകളിൽ സർവെ രേഖകളിലെ അപാകതകൾ സംബന്ധിച്ച പരാതികൾ സമർപ്പിക്കുന്നതിനും അവ പരിശോധിച്ച് പരിഹരിക്കുന്നതിനും അവസരമുണ്ട്.

സർവേ രേഖകളുടെ പരിശോധനയിലൂടെ പരിഹരിക്കാനാകാത്ത പരാതികൾക്കും ഡിജിറ്റൽ റീസർവെയുമായി ബന്ധപ്പെട്ട മറ്റ് പരാതികൾക്കും തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 13 പ്രകാരമുള്ള അന്തിമ വിജ്ഞാപനത്തിനുശേഷവും ILIMS പോർട്ടൽ മുഖേന പരാതികൾ സമർപ്പിക്കാനും അവ പരിശോധിച്ച് നിയമാനുസൃതമായ നടപടികൾ സ്വീകരിക്കാനും സാധിക്കുന്നതാണ്. അതിർത്തി തർക്കങ്ങൾ, രേഖകളിലെ അപാകതകൾ, പോക്കുവരവ് നടപടികളിലെ തടസ്സങ്ങൾ എന്നിവയുടെ സ്വഭാവമനുസരിച്ച് ബന്ധപ്പെട്ട അധികാരികളുടെ പരിഗണനയ്ക്കായി വിഷയങ്ങൾ കൈമാറി തുടർനടപടികൾ സ്വീകരിക്കുന്നതിനും വ്യവസ്ഥയുണ്ട്.

ഡിജിറ്റൽ റീസർവെ നടപടികളിൽ പരാതികൾ ഉന്നയിക്കുന്നതിനും അവ പരിശോധിച്ച് പരിഹാരം കാണുന്നതിനും വിവിധ ഘട്ടങ്ങളിലായി മേൽ പറഞ്ഞ പ്രകാരം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**